(ഡി) നിശ്ചിത ദിവസങ്ങൾക്കകം സേവനം നൽകാത്തതിനാൽ എത്ര ഉദ്യോഗസ്ഥർക്ക് ഇതുവരെ പിഴ ചുമത്തിയിട്ടുണ്ട് ; വകുപ്പ് തിരിച്ചു വിശദാംശം നൽകാമോ ;

(ഇ) പ്രസ്തുത നിയമനത്തിനു വ്യാപക പ്രചരണം നൽകാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(എഫ്) ഓരോ വകുപ്പും നിയമം കർശനമായി നടപ്പിൽ വരുത്തുന്നു എന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു ;

(ജി) പഞ്ചായത്ത് വകുപ്പ് ഡയറക്ടറും നഗരസഭാ ഡയറക്ടറും സേവനാവകാശ നിയമപ്രകാരം നടത്തിയ വിജ്ഞാപനത്തിൽ തെറ്റ് സംഭവിച്ചിരുന്നോ ; എങ്കിൽ തെറ്റ് തിരുത്തി വിജ്ഞാപനം പുനഃപ്രസിദ്ധീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) സേവനാവകാശ നിയമത്തിന്റെ പ്രചാരണത്തിനായി കൈപ്പുസ്തകം പ്രസിദ്ധീകരിക്കുകയും പത്രങ്ങൾ, ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ എന്നിവയിൽ പരസ്യങ്ങൾ നൽകുകയും സാമൂഹ്യ സാംസ്കാരിക പൊതുസംഘടനകളെക്കൊണ്ട് ചർച്ചകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(എഫ് & ജി) വിവരം ശേഖരിച്ചുവരുന്നു.

സേവനാവകാശ നിയമം

52 (4384) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സേവനാവകാശ നിയമം സംസ്ഥാനത്ത് എല്ലാ വകുപ്പുകളിലും നടപ്പിലാക്കിയിട്ടുണ്ടോ ; ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നും നടപ്പിലാകാത്ത വകുപ്പുകൾ ഏതൊക്കെയെന്നും വിശദമാക്കാമോ ;

(സി) സേവനാവകാശ നിയമപ്രകാരം ഇതുവരെയായി ഓരോ വകുപ്പിലും എത്ര അപേക്ഷകളാണ് തീർപ്പാക്കിയത് എന്നും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത നിയമപ്രകാരം എത്ര പേരെ വീതം ശിക്ഷിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

999/2018

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) പൊതുജനങ്ങൾക്ക് നേരിട്ട് സേവനങ്ങൾ നൽകുന്ന പ്രധാനപ്പെട്ട 120 വകുപ്പുകളിൽ സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ട്. അവയുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാരുടെ നിയമനം

53 (4385) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെപ്പോഴാണെന്നും ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കുമെന്നും അറിയിക്കുമോ ; പ്രസ്തുത ലിസ്റ്റിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ടെന്നും എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വിശദമാക്കുമോ ;

(ബി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നശേഷം അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ തസ്തികയിൽ താൽക്കാലിക നിയമനം ലഭിച്ച എത്ര പേർ തുടരുന്നുണ്ട് ; റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുന്നതിനായി താൽക്കാലിക ജീവനക്കാരെ ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ?

ഉത്തരം

(എ) അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ തസ്തികയുടെ റാങ്ക് പട്ടിക 20-3-2014-ന് നിലവിൽ വന്നു. 19-3-2017 വരെയോ പുതിയ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതുവരെയോ (ഏതാണോ ആദ്യം) റാങ്ക് പട്ടികയ്ക്ക് കാലാവധി ഉണ്ടായിരിക്കും. പി.എസ്.സി. നിയമന ശിപാർശ നൽകിയ 65 പേരിൽ 64 പേർക്ക് (സ്ഥിര നിയമനവും താൽക്കാലിക കോടതികളിലെ താൽക്കാലിക അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാരുടെ നിയമനം ഉൾപ്പെടെ) നിയമന ഉത്തരവ് നൽകുകയുണ്ടായി. നിയമന ഉത്തരവ് നൽകിയതിനെ തുടർന്നുണ്ടായ 5 എൻ.ജെ.ഡി. ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയുണ്ടായി. 2 പേർ മുൻസിഫ് മജിസ്ട്രേറ്റുമാരായി പോയ ഒഴിവുകളും റിപ്പോർട്ട് ചെയ്തു. 2015-ലെ പ്രതീക്ഷിത സ്ഥിരഒഴിവുകളും 24 താൽക്കാലിക JFCMC-കളിലെ താൽക്കാലിക അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഒഴിവുകളും ഇതിനകംതന്നെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാർ താൽക്കാലിക മജിസ്ട്രേറ്റായി പോയതുമൂലമുണ്ടായ 2 ഒഴിവുകൾ സംബന്ധിച്ച കാലാവധി അറിയുന്നമുറയ്ക്ക് ആയത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാവുന്നതാണ്.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly